**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5709** **08-11-2021 - ൽ മറുപടിയ്ക്ക്**

**ജില്ലാതല ഗുണനിലവാര പരിശോധന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് പ്രവൃത്തികൾക്കാവശ്യമായ നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്ന സംവിധാനത്തിന്റെ ഭാഗമായി നിർമ്മാണ വസ്തുക്കളുടെ അളവുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന് റിപ്പോർട്ട് ചെയ്തശേഷം പരിശോധനയ്ക്കായി നിശ്ചിത സമയം കാത്തുനിൽക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധന ജില്ലാതലത്തിൽ ക്രമീകരിച്ച് വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | G.O.(P) No. 167/2020/Fin. dated 31.12.2020 പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ കല്ലുകൾ, മണൽ മുതലായ സാധനങ്ങൾ, പ്രവൃത്തികളുടെ മുൻ അളവുകൾ തുടങ്ങിയവ ചീഫ് ടെക്നിക്കൽ എക്സാമിനറെ രജിസ്റ്റേഡ്/സ്പീഡ് പോസ്റ്റ് മുഖാന്തിരം അറിയിക്കേണ്ടതാണ്. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് അഞ്ച് പ്രവൃത്തി ദിനങ്ങൾ (റിപ്പോർട്ടിങ്ങ് തീയതി ഒഴികെ) കഴിഞ്ഞതിനുശേഷം മാത്രം ജോലി ആരംഭിക്കാവുന്നതാണ്. പരിശോധന ജില്ലാതലത്തിൽ ആക്കുന്നതിന് ഇപ്പോൾ ആലോചനയില്ല. |
| (ബി) | നിർമ്മാണ വസ്തുക്കൾ നിശ്ചിത സമയത്തേക്ക് കൂട്ടിയിടുന്നത് കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (ബി) | ചില പ്രത്യേക അടിയന്തിര സാഹചര്യങ്ങളിൽ പ്രസ്തുത ജോലി ( കൃത്യതയും മികവും ഉറപ്പ് വരുത്തുന്നതിന്) എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കുകയോ കാത്തിരിപ്പ് കാലാവധി ഒഴിവാക്കാനോ മേൽ ഉത്തരവിൽ വ്യവസ്ഥയുണ്ട്. ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടില്ല . |
| (സി) | ജില്ലാതലത്തിൽ ഗുണനിലവാര പരിശോധന സംവിധാനം നടപ്പിലാക്കുന്നതിന് തടസ്സങ്ങളുണ്ടോ എന്നറിയിക്കാമോ? | (സി) | ഗുണനിലവാര പരിശോധന ഉറപ്പ് വരുത്തേണ്ടത് മരാമത്തു പണികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഏജൻസികളുടെ ചുമതലയാണ്. ആയതിനാൽ, ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. |

സെക്ഷൻ ഓഫീസർ